# മാർ കൗമായുടെ ജീവചരിത്രം

നാല്പത്തിയഞ്ച് വർഷക്കാലം ഏകാന്തവാസവും തപസും നോമ്പും അനുഷ്ഠിച്ച് വിശുദ്ധജീവിതം നയിച്ച ഭൂമിയിലെ മാലാഖയാണ് പരിശുദ്ധനായ മാർ കൗമ. 'നില്പ്' എന്നാണ് കൗമ എന്ന വാക്കിനർത്ഥം. മരത്തിന്മേൽ ക്രൂശാകൃതിയിൽ നിന്ന് ദീർഘകാലം കഠിന തപസനുഷ്ഠിച്ചതുമൂലമാണ് ഈ പരിശുദ്ധൻ മാർ കൗമ എന്നറിയപ്പെടുന്നത്.

മാർ കൗമയുടെ പിതാവ് ബസ്ഗാലെ (Basgale) എന്ന ഗ്രാമത്തിലെ ബസ്ഗർമയ് പ്രദേശത്തു നിന്നുള്ള ദൈവഭക്തനായ ഒരു വക്തിയായിരുന്നു. ഒരിക്കൽ അദ്ദേഹം രക്തസാക്ഷികളായ മീഫ്രക്ത് (Meefrukth) സഹോദരന്മാരുടെ പട്ടണത്തിലേക്ക് യാത്ര പോയി. ആ പട്ടണം ഏറെ ഇഷ്ടപ്പെട്ട പിതാവ് അവിടെ നിന്നും വിവാഹം കഴിച്ച് അവിടെത്തന്നെ താമസം ആരംഭിച്ചു.

വർഷങ്ങൾ കഴിഞ്ഞിട്ടും ആ ദമ്പതികൾക്ക് മക്കളൊന്നും ജനിച്ചില്ല. അതിൽ അവർ അതീവ ദുഃഖിതരായിരുന്നു. ഒരു കുഞ്ഞിനായ് അവർ ദൈവത്തോട് ഏറെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. കരുണാമയനായ കർത്താവ് അവരുടെ പ്രാർത്ഥന കേട്ടു. ആ നാളിൽ ഏകാന്തവാസിയായ ഒരു സന്യാസി അവരുടെ ഭവനത്തിൽ വരികയും ആ ആണ്ടവസാനം ദൈവം അവർക്ക് ഇരട്ടകളായ ഒരു പുത്രനേയും പുത്രിയേയും നൽകുമെന്ന് പറയുകയും ചെയ്തു. മാത്രമല്ല മക്കളെ രണ്ടുപേരേയും ദൈവത്തിന് സമർപ്പിക്കണമെന്നും ആ സന്യാസി അവരോട് പറഞ്ഞു.

ആ ആണ്ടവസാനം ആ ദമ്പതികളുടെ മകനായി ഇരട്ടക്കുട്ടികളിലൊരാളായി മാർ കൗമ ഭൂജാതനായി. ശെമവൂൻ എന്നായിരുന്നു മാതാപിതാക്കൾ മാർ കൗമാക്ക് നൽകിയ പേര്. മാർ കൗമായ്ക്കൊപ്പം പിറന്ന സഹോദരിക്ക് ആഗുസിയാ എന്നും പേരിട്ടു.

കുഞ്ഞുങ്ങൾക്ക് ഒരു വയസായപ്പോൾ മറ്റൊരു സന്യാസി അവരുടെ ഭവനത്തിലേക്ക് കടന്നുവന്നു. ദൈവ പരിപാലനയിലൂടെ വളർത്തുന്ന കുഞ്ഞുങ്ങളുടെ അടുത്തേക്ക് അദ്ദേഹം ചെന്നു. തുടർന്ന് ആൺ കുഞ്ഞിനെ എടുത്ത് ചുംബിച്ചശേഷം സന്യാസി പറഞ്ഞു 'കർത്താവ് ഇവനേക്കുറിച്ച് പറഞ്ഞിരിക്കുന്നു, ഇവൻ ജീവിതവസാനം എല്ലാവിധ ഭാഗ്യങ്ങളാലും വളരെപ്പേർക്ക് ആശ്വാസമായിത്തീരും.' പിന്നീട് പെൺകുട്ടിയെ എടുത്തിട്ട് പറഞ്ഞു, 'നീ നിന്റെ സഹോദരന്റെ ശക്തിയാൽ ജീവിക്കും. നിന്നെക്കൂടാതെ അവൻ ഒന്നിലും സന്തോഷിക്കയില്ല. ഇത്രയും പറഞ്ഞശേഷം ആ സന്യാസി അവിടെ നിന്നും മടങ്ങി.

മാർ കൗമായും ആഗുസിയായും വളർന്നു, ഏകദേശം പതിനഞ്ച് വർഷം കഴിഞ്ഞപ്പോൾ അവർ അവരുടെ ജീവിതം കർത്താവിനായ് സമർപ്പിക്കുവാൻ തീരുമാനിച്ചു. തങ്ങളുടെ മാതാപിതാക്കളേയും ഭവനത്തേയും ത്യജിച്ച് ഏകാന്തവാസത്തിനായ് അവർ ഇറങ്ങി.

അവരുടെ സഞ്ചാരവഴിയിലായിരുന്നു, അവർക്ക് ഒരു വയസുണ്ടായപ്പോൾ ഭവനത്തിലേക്ക് കടന്നു വന്ന സന്യാസിയെ കണ്ട് മുട്ടിയത്. അദ്ദേഹം അവരെ മിഫ്രക്ത് മലയിലേക്ക് കൊണ്ടുപോയി. അദ്ദേഹത്തോടൊപ്പം ഉപവാസത്തിലും പ്രാർത്ഥനയിലും മാർ കൗമായും ആഗുസിയായും ജീവിച്ചു.

ഈ സമയത്താണ് മാതാപിതാക്കൾക്ക് ഇരട്ടക്കുട്ടികൾ ഉണ്ടാകുമെന്ന് ദർശനം നൽകിയ സന്യാസി അവരുടെ അടുത്തേക്ക് വന്നുചേർന്നത്. വയോവൃദ്ധനായി മാറിയ അദ്ദേഹം ആ സഹോദരങ്ങൾക്ക് ദൈവീക നൽവരങ്ങൾ നൽകി. അവരോടൊപ്പം താമസം ആരംഭിച്ചു.

അഞ്ച് വർഷങ്ങൾ പിന്നിട്ടപ്പോൾ സഹോദരങ്ങളെ മലയിലേക്ക് കൊണ്ടുവന്ന സന്യാസി ദൈവത്തിങ്കലേക്ക് എടുക്കപ്പെട്ടു. ആ പിതാവിന്റെ വേർപാട് കൗമായേം ആഗുസിയായേം ദുഃഖത്തിലാക്കി. തുടർന്ന് അവർക്കുണ്ടായ ദൈവീക ദർശനത്താൽ മറ്റൊരിടത്തേക്ക് പ്രാർത്ഥനാജീവിതം നയിക്കുന്നതിനുവേണ്ടി പോകുവാൻ തീരുമാനിച്ചു. അവരോടൊപ്പമുണ്ടായിരുന്ന വയോവൃദ്ധനായ സന്യാസിയോട് അവർ യാത്ര പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു 'നിങ്ങളുടെ കൈകൾ എന്റെ നേരെ നീട്ടുവിൻ' അവർ അവരുടെ കൈകൾ അദ്ദേഹത്തിന് നേരെ നീട്ടിയപ്പോൾ കർത്താവിന്റെ ആത്മാവ് ആ സഹോദരങ്ങളെ സിന്ത്രൂസ് പർവ്വത താഴ്വരയിലെ യിൻശൂബ് തോടിനരികെ കൊണ്ടുപോയി നിർത്തി.

അവിടെ ഏറെ സന്യാസിമാരായ പിതാക്കന്മാർ താമസിച്ചിരുന്നു. അവരിൽ പ്രധാനി നഥാനിയേൽ എന്ന പിതാവായിരുന്നു. അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം ആഗുസിയ അവിടെ വച്ച് പുരുഷവേഷം ധരിക്കയും ഫോലോഗ് എന്ന പേര് സ്വീകരിക്കുകയും ചെയ്തു.

യിൻശൂബ് താഴ്വരയിൽ ഉപവാസത്താലും പ്രാർത്ഥനയാലും സഹോദരങ്ങൾ ജീവിതം നയിച്ചു. അവിടുത്തെ പിതാക്കന്മാർ പുല്ലുകൊണ്ടും രോമം കൊണ്ടുമുള്ള വസ്ത്രങ്ങളായിരുന്നു ധരിച്ചിരുന്നത്. അവരുടെ വാസം ഗുഹകളിലും ഭൂമിയുടെ വിള്ളലുകളിലുമായിരുന്നു. മാർ കൗമായും ഫോലോഗും പിതാക്കന്മാരുടെ ജീവിതം മാതൃകയാക്കി. ദൈവീക വെളിപാടുകൾ ഭാഗ്യവാന്മാരായ ഈ സഹോദരങ്ങൾക്ക് ലഭിച്ച് തുടങ്ങി.

മൂന്ന് വർഷങ്ങൾ കഴിഞ്ഞു. അങ്ങനെയൊരിക്കലാണ് മാർ കൗമാക്കും ഫോലോഗിനും മിഫ്രക്തിലേക്ക് തിരിച്ചുപോകാൻ ദൈവീക ദർശനമുണ്ടായത്. അവിടുത്തെ ജനതക്ക് മാർ കൗമ വെളിച്ചമാകണമെന്നുള്ള ദൈവേഷ്ടമായിരുന്നു ഈ ദർശനം. അതനുസരിച്ച് മാർ കൗമായും ഫോലോഗും അവരുടെ ശിഷ്യത്വം സ്വീകരിച്ച യേശു എന്ന വ്യക്തിയും മിഫ്രക്തിലേക്ക് പോയി. യേശുവും ഫോലോഗിനെ പോലെ പുരുഷവേഷം ധരിച്ച സ്ത്രീയായിരുന്നു.

അവിടുത്തെ മലയിലെ ഒരു വലിയ വൃക്ഷത്തിനുമുകളിൽ ഒരു കുടിലുണ്ടായിരുന്നു. അതിൽ ഗബ്രൂനോ എന്ന പിതാവ് ദീർഘകാലം താമസിച്ചിരുന്നു. ദിവ്യദർശനങ്ങളാൽ സമ്പന്നനായിരുന്ന ആ പിതാവ് അൻപത്തിമൂന്ന് വർഷമാണ് ആ കുടിലിൽ താമസിച്ചത്. ആ മരച്ചുവട്ടിൽ ഒരു നീരുറവയും ഉണ്ടായിരുന്നു. മാലാഖമാരാൽ ഗബ്രൂനോ പിതാവിനുവേണ്ടി ഉണ്ടായതാണ് ആ നീരുറവ.

മാർ കൗമ അവിടെയെത്തി വൃക്ഷത്തിലെ കുടിയിൽ താമസിക്കാനാരംഭിച്ചു. തന്റെ അന്ത്യനാളുവരെ ഒരിക്കലും പുറത്തേക്കിറങ്ങി വരാതെ അവിടെ ജീവിക്കാനാണ് കൗമാ പിതാവിന് ദർശനം ഉണ്ടായത്. ഫോലോഗും കൂട്ടുകാരി യേശുവും കൗമാ പിതാവിന്റെ ശുശ്രൂഷക്കായ് വൃക്ഷത്തിനടുത്ത് ഉണ്ടാകണമെന്നുമായിരുന്നു കർത്തൃഹിതം. അതിനാൽ ഫോലോഗും യേശുവും വൃക്ഷച്ചുവട്ടിലും അതിനടുത്തുള്ള ഗുഹകളിലുമായ് താമസമാരംഭിച്ചു. അവർക്ക് ഒരിക്കലും വൃക്ഷത്തിലെ കുടിലിലേക്ക് കയറുവാൻ അനുവാദം ഉണ്ടായിരുന്നില്ല. എങ്കിലും കൗമ പിതാവുമായ് അവർക്ക് പരസ്പര സമ്പർക്കമുണ്ടായിരുന്നു.

മാർ കൗമ പിതാവ് കൂടുതൽ ദൈവശോഭയുള്ളവനായിത്തീർന്നു. ആ കുടിയിൽ പിതാവ് മാലാഖമാരാൽ ശുശ്രൂഷിക്കപ്പെട്ടു. കടുത്ത ഉപവാസത്തിലും പ്രാർത്ഥനയിലുമായിരുന്നു അദ്ദേഹത്തിന്റെ ജീവിതം.

ഒരിക്കൽ ഫോലോഗിന് ശ്ലീഹന്മാരായ പത്രോസിനേയും പൗലോസിനേയും കാണണമെന്ന് ആഗ്രഹമുണ്ടായി. കൗമ പിതാവിനോട് ഫോലോഗ് തന്റെ ആഗ്രഹം പറഞ്ഞു. ഉടനെ കൗമ പിതാവ് പറഞ്ഞു 'എനിക്കും ആഗ്രഹമുണ്ട്, എങ്കിലും നിങ്ങൾ പോകുക' എന്നു പറഞ്ഞ് അവർക്ക് അനുവാദം കൊടുത്തു. കർത്താവിന്റെ മാലാഖമാർ മുഖാന്തരം ഫോലോഗിനേയും യേശുവിനേയും എടുത്ത് റോമായിലെ പരിശുദ്ധ ശ്ലീഹന്മാരുടെ പള്ളിയിലെത്തിച്ചു. പത്രോസ് പൗലോസ് ശ്ലീഹന്മാരെ അവർ കണ്ടു, അവിടുത്തെ വിശുദ്ധ തിരുശേഷിപ്പുകളിൽ നിന്ന് അനുഗ്രഹം പ്രാപിച്ചു. അപ്പോഴാണ് പള്ളിയുടെ മദ്ബഹായിൽ നിന്നും കൗമ പിതാവ് ഇറങ്ങി വരുന്നത് അവർ കണ്ടത്. ഫോലോഗും യേശുവും ആശ്ചര്യപ്പെട്ടു. അവരോടായ് പിതാവ് പറഞ്ഞു 'അകത്ത് മദ്ബഹായിൽ പോയി കുർബാന കൈക്കൊള്ളുവിൻ'. ഫോലോഗും യേശുവും അകത്ത് കടന്ന് കുർബ്ബാന അനുഭവിച്ച് പുറത്ത് വന്നപ്പോൾ കൗമ പിതാവ് അപ്രത്യക്ഷനായിരുന്നു.

വർഷങ്ങൾ കഴിഞ്ഞു, ഒരു ദിവസം കൗമ പിതാവ് ഫോലോഗിനോടും യേശുവിനോടും പറഞ്ഞു 'എന്റെ നിര്യാണസമയം അടുത്തിരിക്കുന്നു, എന്റെ അസ്ഥികൾ ക്രിസ്തു എന്നേക്കുറിച്ച് എന്ത് ആഗ്രഹിക്കുന്നുവോ, അപ്രകാരം ചെയ്യുന്നതുവരെ കുടിലിൽ ഉപേക്ഷിച്ചേക്കണം, നിങ്ങൾക്ക് ആഗ്രഹമുണ്ടെങ്കിൽ ഇവിടെ കയറിവന്ന് എനിക്ക് സമാധാനം നൽകി പോകാം'.

ഇത് കേട്ട് ഫോലോഗും യേശുവും വിഷമത്തിലായി. ഏഴുദിവസം കഴിഞ്ഞ് അവർ പിതാവിന്റെ കുടിലിലേക്ക് കയറി. കുടിലിന് സമീപത്തെത്തിയപ്പോൾ അവർ ദൈവദൂതന്മാരുടെ വലിയൊരു കൂട്ടത്തെക്കണ്ടു. വെള്ള വസ്ത്രധാരികളായി നിൽക്കുന്ന അവർ ദീപങ്ങളും ധൂപകലശങ്ങളുമായ് മഹത്വഗാനങ്ങൾ ആലപിക്കുകയായിരുന്നു. ഈ കാഴ്ച ഫോലോഗിനേയും യേശുവിനേയും വിസ്മയിപ്പിച്ചു.

ഫോലോഗും യേശുവും അനന്തരം കുടിയിൽ പ്രവേശിച്ചു. കുടിലിലേക്ക് കയറിയ അവർ അത്ഭുതപ്പെട്ടു. വൃക്ഷത്തിൽ ക്രൂശാകൃതിയിൽ മാർ കൗമ കെട്ടപ്പെട്ടിരിക്കുന്നു. ആ അവസ്ഥയിൽ ദൈവത്തോട് പ്രാർത്ഥിക്കുന്ന പുണ്യപിതാവിന്റെ സഹനശക്തിയോർക്ക് അവർ ദൈവത്തെ മഹത്വപ്പെടുത്തുകയും പിതാവിന് സമാധാനം നൽകുകയും ചെയ്തു. അപ്പോൾ കർത്താവിന്റെ ദൂതൻ ഫോലോഗിനും യേശുവിനും പ്രത്യക്ഷപ്പെട്ടു. ദൂതൻ പറഞ്ഞു; 'നാല്പത്തിയഞ്ച് വർഷമായി, ഈ പിതാവ് ക്രൂശാകൃതിയിൽ നിന്ന് തപസനുഷ്ഠിച്ച് പ്രാർത്ഥിക്കുന്നു. ഇടയിൽ പരിശുദ്ധാത്മാവിനാൽ മാത്രം സഞ്ചരിക്കുന്നു ഈ പരിശുദ്ധനെ കർത്താവ് ഭൂമിയിലെ മനുഷ്യരെ ഏൽപ്പിക്കുന്നു'. ദൂതൻ അപ്രത്യക്ഷനായി.

ഫോലോഗും യേശുവും വൃക്ഷത്തിൽ നിന്നിറങ്ങി. അധികം കഴിയുന്നതിനുമുമ്പ് കൗമ പിതാവിന്റെ ആത്മാവ് ദൈവസന്നിധിയിലേക്ക് എടുക്കപ്പെടുകയും ചെയ്തു.

(കടപ്പാട്: പരിശുദ്ധ മാർ കൗമയുടെ ജീവചരിത്രം - ഫാ. പി. ജേക്കബ് പുലക്കുടിയിൽ)